STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.365/PR/SPMC/PHQ/2025 Date:03.11.2025

# സേനയ്ക്ക് കരുത്തായി 479 പേർ കൂടി കർമ്മപഥത്തിലേയ്ക്ക്

കണ്ണൂർ ആസ്ഥാനമായുള്ള കേരള ആംഡ് പോലീസ് നാലാം ബറ്റാലിയൻ പരേഡ് ഗ്രൗണ്ടിൽ ഇന്ന് നടന്ന പാസിംഗ് ഔട്ട് പരേഡിൽ 479 പേർ പങ്കെടുത്തു. ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു.

പാലക്കാട് ആസ്ഥാനമായുള്ള കേരള ആംഡ് പോലീസ് രണ്ടാം ബറ്റാലിയൻ, കണ്ണൂർ ആസ്ഥാനമായുള്ള കേരള ആംഡ് പോലീസ് നാലാം ബറ്റാലിയൻ എന്നിവിടങ്ങളിൽ നിന്നായി യഥാക്രമം 212, 267 റിക്രൂട്ട് സേനാംഗങ്ങളുമാണ് പരേഡിൽ പങ്കെടുത്തത്.

ശ്രീരാഗ് കെ നയിച്ച പരേഡിന്റെ സെക്കൻഡ് ഇൻ കമാൻഡ് അമൽ മനോഹർ ആയിരുന്നു. ചടങ്ങിൽ പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് മുഖ്യമന്ത്രി പുരസ്കാരം വിതരണം ചെയ്തു.

കെ.എ.പി രണ്ടാം ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ട അർജുൻ പി തന്നെയാണ് മികച്ച ആൾ റൗണ്ടറും. മികച്ച ഔട്ട്ഡോർ കേഡറ്റായി അമൽ മനോഹർ തെരഞ്ഞെടുക്കപ്പെട്ടു. കിഷോർ ജി ആണ് മികച്ച ഷൂട്ടർ. സൈബർ മേഖലയിലെ മികവിന് ഷമിൽ സത്താറിനേയും തെരഞ്ഞെടുത്തു.

കെ.എ.പി നാലാം ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ടത് സൻജോഗ് പി.കെ ആണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി ശ്രീകാന്ത് ഇ.പി തെരഞ്ഞെടുക്കപ്പെട്ടു. അഖിൽ പി ആണ്

മികച്ച ഷൂട്ടർ. മികച്ച ആൾ റൗണ്ടറായി തെരഞ്ഞെടുക്കപ്പെട്ടത് നിഖിൽരാജ് വി.പി ആണ്. സൈബർ മേഖലയിലെ മികവിന് നിതിൻ കെ വി യേയും തെരഞ്ഞെടുത്തു.

ഒൻപതുമാസത്തെ അടിസ്ഥാന പരിശീലനത്തിന്റെ ഭാഗമായി ഇവർക്ക് ശാരീരിക ക്ഷമതയും മനക്കരുത്തും വർധിപ്പിക്കുന്ന ഔട്ട്ഡോർ പാഠങ്ങളാണ് പകർന്നു നൽകിയത്. ഔട്ട്ഡോർ വിഭാഗത്തിൽ ശാരീരിക ക്ഷമത പരിശീലനം, ആയുധ പരിശീലനം, കരാട്ടേ, യോഗ, നീന്തൽ, വിവിധ സെൽഫ് ഡിഫൻസ് പരിശീലനങ്ങൾ, ഫയറിംഗ് എന്നിവയിൽ പരിശീലനം ലഭിക്കുകയുണ്ടായി.

ഇൻഡോർ വിഭാഗത്തിൽ ഇന്ത്യൻ ഭരണഘടന, ഭാരതീയ ന്യായ സൻഹിത, മോട്ടോർ വെഹിക്കിൾ ആക്റ്റ്, വി.ഐ.പി ബന്തവസ്സ്, ടെലി കമ്മ്യൂണിക്കേഷൻ, സോഷ്യൽ മീഡിയ, സൈബർ കുറ്റകൃത്യങ്ങൾ, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്തോടെ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനായി ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ, പീനോളജി, വിക്ടിമോളജി, സൈബർ ഫോറൻസിക് എന്നീ വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ജെൻഡർ ന്യൂട്രൽസ് തുടങ്ങിയവരോടുള്ള പെരുമാറ്റം, പരിസ്ഥിതിക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയൽ തുടങ്ങിയവ പോലീസിന്റെ മാനവിക മുഖത്തിന്റെ സാക്ഷ്യം കൂടിയാണ്.

സർക്കാർ വിഭാവനം ചെയ്യുന്ന തരത്തിലുള്ള നവകേരള സൃഷ്ടിക്കായി പോലീസിന്റെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനും പോലീസിന്റെ ആപ്തവാക്യമായ “മൃദു ഭാവേ ദൃഢ കൃത്യേ” അന്വർത്ഥമാക്കുന്നതിനും

ഉതകുന്ന രീതിയിലുള്ള പരിശീലനമാണ് പരിശീലന കാലയളവിൽ നൽകിയിട്ടുള്ളത്.

പരിശീലനം പൂർത്തിയാക്കി പാസിംഗ് ഔട്ട് പരേഡിൽ അണിനിരന്ന വരിൽ എം.ടെക്ക്, എം.എസ്.സി, എം.എ, എം.കോം, എം.ബി.എ ക്കാരായ 34 പേരും വിവിധ വിഷയങ്ങളിൽ ബിരുദം നേടിയ 279 പേരും ഡിപ്ലോമ, പ്ലസ്ടു, ഐ.ടി.ഐ യോഗ്യതയുള്ള 166 പേരുമാണുള്ളത്.

രജിസ്ട്രേഷൻ, പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ.എ എം.വി ഗോവിന്ദൻ മാസ്റ്റർ, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, എ.ഡി.ജി.പി എസ്.ശ്രീജിത്ത്, മറ്റ് ഉന്നത പോലീസുദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പരിശീലനാർത്ഥികളുടെ ബന്ധുക്കൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

**********************








Mahindra
POLICE
THAR
4X4

